## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3136 | 10.05.2017 ൽ മറുപടിയ്ക്ക് |
|---|---|
| **സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വകുപ്പ്** | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**,, ഇ.ടി. ടൈസൺ മാസ്റ്റർ**<br>**,, വി.ആർ.സുനിൽ കുമാർ** | **ശ്രീമതി.കെ.കെ.ഷൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) സാമൂഹ്യനീതി വകുപ്പിന്റെ വിഭജനവുമായി ബന്ധപ്പെട്ട് നിയമിച്ച ഏകാംഗ കമ്മീഷന്റെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;<br>(സി) പുതിയ വകുപ്പിന്റെ രൂപീകരണശേഷവും പ്രോജക്ട് (ബ്ലോക്ക്) തലങ്ങളിൽ സൂപ്പർവൈസർമാരും സി.ഡി.പി.ഒ.മാരും രണ്ടു വകുപ്പുകളിലെയും ചുമതലകൾ നിർവഹിക്കേണ്ടി വരുമോയെന്ന് വ്യക്തമാക്കുമോ? | (ബി) & (സി)<br>ബഹു. കേരള ഗവർണ്ണറുടെ 24.06.2016 ലെ നയപ്രഖ്യാപന പ്രസംഗത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി ഒരു പുതിയ വകുപ്പ് സൃഷ്ടിക്കുന്നതാണെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് മുൻ ഡയറക്ടർ ശ്രീ.വി.എൻ.ജിതേന്ദ്രനെ ചുമതലപ്പെടുത്തുകയും അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ